നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. അതിനുപുറമേ ഗ്രാമപ്രദേശങ്ങളിലും പഞ്ചായത്തുകളിലും സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ 1500-ഓളം ഓണച്ചന്തകളും നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. സ്റ്റീഫൻ ജോൺ: ഓണം, ബക്രീദ്, ക്രിസ്തുമസ് മുതലായ കാലഘട്ടങ്ങളിലാണ് ഈ ചന്തകളും നടത്താറുള്ളത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് കോർപ്പറേഷനുകളിൽ ഈ കാല ഘട്ടങ്ങളിൽ ആയിരുന്നു നമ്മളും കടകളും നടത്തി പച്ചക്കറി സാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കാൻ ഉള്ള ഒരു ശ്രമം എന്നുള്ള നിലയിൽ ഇത് ആരംഭിച്ചത്. എന്നാൽ ഈ കോർപ്പറേഷനുകളിൽ എല്ലാകാലത്തും എല്ലാ ദിവസവും, അതായത് 365 ദിവസവും ഓണച്ചന്തപോലുള്ള കടകളും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഗവൺമെന്റ് ശ്രമിക്കുമോ? അങ്ങനെ ശ്രമിച്ചാൽ പച്ചക്കറി സാധനങ്ങളുടെ വിലവർദ്ധനവ് തടയാൻ നമുക്ക് കഴിയും, അതിന് ശ്രമിക്കുമോ?

ശ്രീ. യു. എ. ബീരാൻ: പച്ചക്കറിയെ സംബന്ധിച്ചാണെങ്കിൽ പച്ചക്കറിമാത്രമായി വിതരണം ചെയ്യുന്നതിനുവേണ്ടി തിരുവനന്തപുരത്തും, കോഴിക്കോട്ടും, കോട്ടയത്തും, എറണാകുളത്തും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി മാർക്കറ്റുകളും ഉണ്ട്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എല്ലാ കാലങ്ങളിലും സാദ്ധ്യമല്ല. ഉൽസവ കാലങ്ങളിൽ, ബക്രീദ് ബസാറും, ഓണക്കാലത്ത് ഓണച്ചന്തയും, ക്രിസ്തുമസ് കാലത്ത് ക്രിസ്തുമസ് ബസാറും നടത്താൻ ആണ് ഇപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളത്. അതാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

കൊക്കോ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം

* 272 [412] ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, ടി. കെ. അറുമുഖൻ:
,, സി. കെ. തങ്കപ്പൻ:
,, എം. ജിനദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ നടപ്പിലാക്കാൻ ഉദ്ദേശിച്ച കൊക്കോ സംസ്കരണ യൂണിറ്റിന്റെ പ്രവർത്തനം തുടങ്ങിയോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പൊതുമേഖലയിൽ തന്നെ പ്രസ്തുത യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ, ബി) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ആണ് ഇത് യൂണിറ്റ് സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചതെങ്കിലും പിന്നീട് ഒരു ഫ്രഞ്ച് കമ്പനിയുടെ സഹകരണത്തോടെ ഒരു സംയുക്ത സംരംഭം തുടങ്ങാൻ സർക്കാർ ആലോചിക്കുകയും പ്രസ്തുത കമ്പനിയുമായി കൂടിയാലോചനകൾ നടത്തുകയുമുണ്ടായി, കമ്പനി തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചശേഷം പ്ലാന്റിന്റെ ഉൽപ്പാദനശേഷി (Capacity) പുനഃപരിശോധിക്കണമെന്ന് സർക്കാർ കമ്പനിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) ഫ്രഞ്ച് കമ്പനിയുടെ മറുപടി കിട്ടിയശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

നാളികേര വികസന കോർപ്പറേഷൻ സംഭരിക്കുന്ന കൊപ്ര

* 273 [413] ശ്രീ. സി. വാസുദേവമേനോൻ :

,, പി. വി. കുഞ്ഞിക്കണ്ണൻ :

,, കോലിയക്കോട് എൻ. കൃഷ്ണൻനായർ :

താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര വികസനകോർപ്പറേഷൻ സംഭരിക്കുന്ന കൊപ്ര സ്വകാര്യമില്ലുകൾക്ക് നൽകി ആട്ടിക്കുകയാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ :

(ബി) കോർപ്പറേഷന്റെ കൊപ്ര ആട്ടുന്ന മില്ലുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണമെന്ത് ?

(ഡി) അടച്ചിട്ടിരിക്കുന്ന കൊപ്ര ആട്ട് മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ :)

(എ) താങ്ങുവില പദ്ധതിപ്രകാരം സംഭരിച്ച കൊപ്ര, വെളിച്ചെണ്ണയാക്കി പാമോയിലിന് പകരം സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സംസ്ഥാനഗവൺമെന്റ് തീരുമാനിക്കുകയും അതിനുവേണ്ടി നാളികേരവികസനകോർപ്പറേഷന്റെ മില്ലുകൾ മാത്രം മതിയാകാതെ വന്നതിനെതുടർന്ന് ഏതാനും സ്വകാര്യ മില്ലുകൾ കൂടി വാടകയ്ക്കെടുക്കാൻ സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. അങ്ങനെയാണ് നാളികേര വികസന കോർപ്പറേഷൻ സ്വകാര്യ മില്ലുകൾകൂടി കൊപ്ര ആട്ടാൻ ഉപയോഗിച്ചിട്ടുള്ളത്.

(ബി, സി) പവർകട്ട് മൂലം നാളികേര വികസന കോർപ്പറേഷന്റെ മില്ലുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ഡി) നാളികേര വികസന കോർപ്പറേഷന്റെ കൊപ്ര ആട്ടുമില്ലുകൾ പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതിന് അവയെ പവർ കട്ടിൽ നിന്നും ഒഴിവാക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly